"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

www.keralaprisons.gov.in

**ഉണ്ടാസ് നം: KPCS/6791/2025-E3; തീയതി: 12-09-2025**

2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക സ്പാർക്ക് സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടിക്കൊണ്ടുള്ള 11.09.2025 തീയതിയിലെ ADV-C1/167/2024-PandARD നമ്പർ സർക്കുലർ തുടർനടപടികൾക്കായി ഇതോടൊപ്പം ചേർത്ത് അയയ്ക്കുന്നു.

Signed by
Preetha V S
Preetha V S
Date: 12-09-2025 16:49:45
PA TO DGP&CS

സ്വീകർത്താവ്: 1. എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

2. ജയിൽ സ്ഥാപനങ്ങളിലെ എല്ലാ ഉദ്യോഗസ്ഥർക്കും (സ്ഥാപന മേധാവി മുഖാന്തിരം)

3. ജയിലാസ്ഥാന കാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും.

പകർപ്പ്: PA to DGP/SS(E)/

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഉപ.സി.1 /167/2024-ഉഭപവ തിരുവനന്തപുരം, തീയതി: 11-09-2025

**<u>സർക്കുലർ</u>**

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്-ജീവനക്കാര്യം- 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് സ്പാർക്ക് മുഖാന്തിരം ഫയൽ ചെയ്യുന്നതിന് സമയം നീട്ടി നൽകുന്നത്-സംബന്ധിച്ച്

സൂചന:- 1) 10.12.2024 ലെ ADV-C1/167/2024-PandARD നമ്പർ സർക്കുലർ.
2) 14.02.2025 ലെ ADV-C1/167/2024-PandARD നമ്പർ സർക്കുലർ

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37, 39 എന്നിവ പ്രകാരം പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക സ്പാർക്ക് സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി 2025 ജനുവരി 15 നകം ഫയൽ ചെയ്യുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് 2024 കലണ്ടർ വർഷത്തിലെ സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാൻ സാധിക്കാത്ത ജീവനക്കാർക്ക് ആയത് സ്പാർ ക്ക് സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിന് 2025 ഫെബ്രുവരി 14 മുതൽ പത്ത് ദിവസത്തെ സമയം കൂടി നീട്ടി അനുവദിച്ച് സൂചന (2) പ്രകാരവും സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്നും സ്പാർക്കിൽ സ്വത്ത് വിവര പത്രിക സമർപ്പിക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നുവെന്നും, ആയതിനാൽ പ്രസ്തുത സമയ പരിധി ദീർഘിപ്പിച്ചു നൽകണമെന്ന് വീണ്ടും ജീവനക്കാരും സംഘടനകളും ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 കലണ്ടർ വർഷത്തിലെ സ്വത്ത് വിവര പത്രിക ഇനിയും ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് ആയത് സ്പാർ ക്ക് സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നതിന് **<u>ഈ സർക്കുലർ തീയതി മുതൽ പത്ത് ദിവസത്തെ സമയം കൂടി അനുവദിച്ചു നൽകുന്നു.</u>**

ഇപ്രകാരം അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞാൽ 2024 കലണ്ടർ വർഷത്തിലെ സ്വത്ത് വിവര പത്രിക സമർപ്പിക്കുന്നതിന് ഇനിയൊരു അവസരം അനുവദിക്കുന്നതല്ല.

ലീന എ
അഡിഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,

സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്കും

എല്ലാ വകുപ്പ മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,

എല്ലാ സെക്ഷനുകൾക്കും.

ധനകാര്യ (ITSF) വകുപ്പ് (സ്പാർക്ക് സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈൻ സമർപ്പണത്തിന് ആവശ്യമായ ക്രമീകരണം നടത്തുന്നതിന്.

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (www.pard.kerala.gov.in ) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivakumar. G
Date: 11-09-2025 10:05:36

സെക്ഷൻ ഓഫീസർ